പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.734 | | 07.11.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| തലസ്ഥാന നഗരിയുടെ സുസ്ഥിര വികസനത്തിനായി പദ്ധതി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.ഡി.കെ.മുരളി<br>ശ്രീ.ബി.സത്യൻ<br>ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീമതി.പി.അയിഷാ പോറ്റി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | തലസ്ഥാന നഗരിയുടെ സുസ്ഥിര വികസനത്തിനായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്.<br>തലസ്ഥാന നഗര വികസന പദ്ധതിയുടെ ആദ്യഘട്ടത്തിൽ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന സ്ഥലങ്ങളിൽ കുടിവെള്ള വിതരണത്തിനായുള്ള പദ്ധതികൾ, പ്രധാന റോഡുകളുടെ വികസനം, ഈഞ്ചക്കലിൽ അന്തർ സംസ്ഥാന ബസ്ടെർമിനൽ നിർമ്മാണം എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്. ഇതുകൂടാതെ 12-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുള്ള മേജർ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് പ്രോജക്ടുകളുടെ കൂട്ടത്തിൽപ്പെടുത്തി രണ്ടാംഘട്ട സിആർഡിപി പദ്ധതിയിൽ പാർക്കിംഗ് ഇൻഫ്രാസ്ട്രക്ച്ചർ, പെഡസ്ട്രിയൽ സേഫ്റ്റി ഇൻഫ്രാസ്ട്രക്ച്ചർ, സിറ്റി റോഡുകൾ, ഔട്ടർ റിംഗ് റോഡുകൾ, ജംങ്ഷൻ എന്നിവയുടെ വികസനം എന്നിവയാണ് നടപ്പാക്കുന്നത്. പദ്ധതി എംപവേർഡ് കമ്മിറ്റിമുഖേനയാണ് നടപ്പാക്കിവരുന്നത്. |
| (ബി) | സ്മാർട്ട് സിറ്റി പദ്ധതിയിൽ തലസ്ഥാന നഗരിയെ ഉൾപ്പെടുത്താനായി സർക്കാരിന്റെ ഭാഗത്തു നിന്നുള്ള ഉദ്യമങ്ങൾ എന്തൊക്കെയാണ്; വിശദമായ പദ്ധതി തയ്യാറാക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ പങ്ക് എന്താണെന്ന് അറിയിക്കാമോ; | (ബി) | തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതി ലഭ്യമാകുന്നതിനായി ഉദ്യോഗസ്ഥ തലത്തിലും ഭരണ തലത്തിലും ക്രീയാത്മക ഇടപെടലുകൾ സർക്കാർ നടത്തി വരുന്നുണ്ട്. സ്മാർട്ട് സിറ്റി പദ്ധതികൾക്കായി സംസ്ഥാനതല ഉന്നതാധികാര സ്റ്റിയറിംഗ് കമ്മിറ്റി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നിർദ്ദേശാനുസരണം സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റാണ് തിരുവനന്തപുരം കോർപ്പറേഷനെ സ്മാർട്ട് സിറ്റി പദ്ധതി നിർദ്ദേശം തയ്യാറാക്കാൻ സഹായിക്കുന്നത്. ഇതിനായി കൺസട്ടൻസിയെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. പദ്ധതി ലഭിക്കുന്നതിനായി ഒരു സ്മാർട്ട് സിറ്റി പ്രൊപ്പോസൽ സമർപ്പിക്കേണ്ടതായുണ്ട്. അഖിലേന്ത്യാ തലത്തിൽ വിലയിരുത്തപ്പെടുന്ന ഈ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി അനുവദിക്കപ്പെടുക. |
| (സി) | സ്മാർട്ട് സിറ്റി പദ്ധതിയുടെ ലക്ഷ്യം എന്തെന്നും വികസന മേഖലകൾ ഏതൊക്കെയെന്നും അറിയിക്കാമോ? | (സി) | സ്മാർട്ട് സിറ്റി പദ്ധതിക്കായി തിരഞ്ഞെടുക്കപ്പെടുന്ന നഗരങ്ങളുടെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക, ശുദ്ധവും സുസ്ഥിരവുമായ പരിസ്ഥിതി, ആധുനിക വിവര സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സ്മാർട്ട് സൊല്യൂഷൻസ് - സേവനങ്ങൾക്കും ഭൗതിക സൗകര്യങ്ങൾക്കും, സ്മാർട്ട്സിറ്റിക്ക് അകത്തും പുറത്തും |

| | | |
|---|---|---|
| | | അനുകരിക്കാവുന്ന മാതൃകകൾ സൃഷ്ടിക്കുക, കൂടുതൽ സ്മാർട്ട് സിറ്റികൾ രൂപപ്പെടുത്താനുള്ള പ്രേരകമാക്കൽ എന്നിവയാണ് പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ.<br>മിഷൻ ഗൈഡ് ലൈനിൽ അനുശാസിക്കുന്ന രീതിക്ക് അനുസരിച്ച് തിരഞ്ഞെടുത്ത നഗരത്തിലെ ഏതെങ്കിലും ഒരു പ്രദേശത്തെ സമഗ്രമായി (24 സ്മാർട്ട് സിറ്റി സൂചകങ്ങൾ ഉൾപ്പെടുത്തി) വികസിപ്പിക്കുകയോ പരിഷ്ക്കരിക്കുകയോ ചെയ്യുകയും കൂടാതെ പൊതുവായി നഗരത്തിന്റെ കുറഞ്ഞത് ഒരു അടിസ്ഥാന സേവന മേഖലയെങ്കിലും സ്മാർട്ട് ടെക്നോളജി സൊല്യൂഷൻസ് ഉപയോഗിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ